# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6158 — 07-11-2016-ലെ മറുപടിക്ക്

**എൽ.എസ്.ജി.ഡി എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റുകളിലെ ഒഴിവുകൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എം. രാജഗോപാലൻ: | **ഡോ.കെ.ടി.ജലീൽ**<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| എ) കാസർഗോഡ് ജില്ലയിൽ എൽ.എസ്.ജി.ഡി എൻജിനീയറിംഗ് വിഭാഗത്തിലും പഞ്ചായത്ത് വകുപ്പിൽ വിവിധ തസ്തികകളിലും നിലവിലുള്ള ഒഴിവ് എത്രയെന്ന് സ്ഥാപനം തിരിച്ചും തസ്തിക തിരിച്ചും വ്യക്തമാക്കാമോ ; | എ) കാസർഗോഡ് ജില്ലയിൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു. |

**ജില്ലാ പഞ്ചായത്ത്**

| | |
|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | - 1 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | - 4 |
| അസിസ്റ്റന്റ് എഞ്ചിനീയർ | - 18 |
| ഫസ്റ്റ് ഗ്രേഡ് ഓവർസിയർ | - 16 |
| സെക്കന്റ് ഗ്രേഡ് ഓവർസിയർ | – 8 |
| തേർഡ് ഗ്രേഡ് ഓവർസിയർ | - 2 |
| ഡിവിഷണൽ അക്കൗണ്ടന്റ് | - 1 |

**പി.ഐ.യു. കാസർഗോഡ്**

| | |
|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | - 1 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | - 1 |
| ഫസ്റ്റ് ഗ്രേഡ് ഓവർസിയർ | - 1 |

**നീലേശ്വരം മുനിസിപ്പാലിറ്റി**

ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല.

**കാസർഗോഡ് മുനിസിപ്പാലിറ്റി**

| | |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | - 1 |
| ഫസ്റ്റ് ഗ്രേഡ് ഓവർസിയർ | - 2 |

**കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി**

| | |
|---|---|
| ഫസ്റ്റ് ഗ്രേഡ് ഓവർസിയർ | - 1 |
| സെക്കന്റ് ഗ്രേഡ് ഓവർസിയർ | – 1 |

പഞ്ചായത്ത് വകുപ്പിലെ ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | ബി) | അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ഉടൻ തന്നെ നിയമനം നടത്തുന്നതാണ്. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, ദിവസവേതനാടിസ്ഥാനത്തിലോ, കരാർ വ്യവസ്ഥയിലോ നിയമനം നടത്തുവാൻ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതാണ്.<br><br>പഞ്ചായത്ത് വകുപ്പിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ് |

**സെക്ഷൻ ഓഫീസർ**